**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2093** **06-07-2022 - ൽ മറുപടിയ്ക്ക്**

**മലയിടംതുരുത്ത് സി.എച്ച്.സി.യിലെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ മലയിടംതുരുത്ത് സി.എച്ച്.സി.യിൽ എന്തെല്ലാം അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ; | (എ) | ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്ര മായി ഉയർത്തിയ മലയിടം തുരുത്ത് സി.എച്ച്.സി.യിൽ ആയതിനായി അടി സ്ഥാന സൗകര്യ വികസന പ്രവൃത്തികൾ ക്കായുള്ള ഡി.പി.ആർ തയ്യാറാക്കുന്ന നടപടി ക്രമങ്ങൾ പുരോഗമിച്ചു വരികയാണ്. പ്രസ്തുത പ്രവൃത്തിക്കായി 35 ലക്ഷം രൂപ അനുവദി ച്ചിട്ടുള്ളതാണ്.<br><br>പ്രസ്തുത തുക ഉപയോഗിച്ച് താഴെ പറയുന്ന പ്രവൃത്തികളാണ് ഡി.പി.ആർ ൽ ഉൾപ്പെടുത്തുന്നത്.<br><br>1. ഒ.പി യിൽ TRIAGE സംവിധാനം<br><br>2. ലാബ് സൗകര്യങ്ങൾ വിപുലീകരിക്കുക<br><br>3. രോഗീ സൗഹൃദ വെയിറ്റിംഗ് ഏരിയ ( ഒ.പി ആന്റ് ഫാർമസി)<br><br>4. നഴ്സിംഗ് സ്റ്റേഷൻ, ഒ.പി കൗണ്ടർ പുന ക്രമീകരണം<br><br>5. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നവീകരണം<br><br>6. ഫാർമസി, സ്റ്റോർ എന്നിവയുടെ നവീകരണം.<br><br>7. ഫിസിയോതെറാപ്പി യൂണിറ്റ്, അനുയാത്ര (MICU DMHP Clinic) എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ<br><br>8. പ്രതിരോധ കുത്തിവയ്പ് കേന്ദ്രത്തിന്റെ പരിഷ്കരണം. |
| (ബി) | ആയതിലേയ്ക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അത് ഏതെല്ലാം പ്രവർത്തികൾക്കാണ് വിനിയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്ര മായി ഉയർത്തിയ മലയിടം തുരുത്ത് സി.എച്ച്.സി.യിൽ ആയതിനായി അടി സ്ഥാന സൗകര്യ വികസന പ്രവൃത്തികൾ ക്കായുള്ള ഡി.പി.ആർ തയ്യാറാക്കുന്ന നടപടി ക്രമങ്ങൾ പുരോഗമിച്ചു വരികയാണ്. പ്രസ്തുത |

| | | | |
|---|---|---|---|
| | | | പ്രവൃത്തിക്കായി 35 ലക്ഷം രൂപ അനുവദി ച്ചിട്ടുള്ളതാണ്.<br><br>പ്രസ്തുത തുക ഉപയോഗിച്ച് താഴെ പറയുന്ന പ്രവൃത്തികളാണ് ഡി.പി.ആർ ൽ ഉൾപ്പെടുത്തുന്നത്.<br><br>1. ഒ.പി യിൽ TRIAGE സംവിധാനം<br><br>2. ലാബ് സൗകര്യങ്ങൾ വിപുലീകരിക്കുക<br><br>3. രോഗീ സൗഹൃദ വെയിറ്റിംഗ് ഏരിയ( ഒ.പി ആന്റ് ഫാർമസി)<br><br>4. നഴ്സിംഗ് സ്റ്റേഷൻ, ഒ.പി കൗണ്ടർപുന ക്രമീകരണം<br><br>5. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നവീകരണം<br><br>6. ഫാർമസി, സ്റ്റോർ എന്നിവയുടെ നവീകരണം.<br><br>7. ഫിസിയോതെറാപ്പി യൂണിറ്റ്, അനുയാത്ര (MICU DMHP Clinic) എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ<br><br>8. പ്രതിരോധ കുത്തിവയ്പ് കേന്ദ്രത്തിന്റെ പരിഷ്കരണം. |
| (സി) | മലയിടംതുരുത്ത് സി.എച്ച്.സി.യിലെ ഡോക്ടർമാർ , മറ്റ് ജീവനക്കാർ എന്നിവരുടെ അനുവദിക്കപ്പെട്ട തസ്തികകളുടേയും പ്രസ്തുത തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടേയും വിശദാംശം ലഭ്യമാക്കാമോ; | (സി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സി.എച്ച്.സി.യിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിൽ ടി സ്ഥാപനത്തിൽ മൂന്ന് ഡോക്ടർ മാരുടെ സേവനമാണ് ലഭ്യമായി വരുന്നത്. കൂടുതൽ ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്ന മുറയ്ക്ക് കിടത്തി ചികിത്സ തുടങ്ങുന്ന കാര്യം പരിശോധിക്കുന്നതാണ്. കൂടാതെ മലയിടം തുരുത്ത് സി.എച്ച്.സിയുടെ പത്ത് കിലോമീറ്റർ ചുറ്റളവിനുള്ളിൽ ഐ.പി സൗക ര്യമുള്ള പെരുമ്പാവൂർ താലൂക്ക് ആശുപത്രി, 15 കി.മി ചുറ്റളവിനുള്ളിൽ വടവുകോട് സി. എച്ച്. സി എന്നീ ആശുപത്രികൾ സ്ഥിതി ചെയ്യുന്നു. കിടത്തി ചികിത്സ ആവശ്യമുള്ള രോഗികളെ മേൽപ്പറഞ്ഞ ആശുപത്രികളിലേയ്ക്ക് റഫർ ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## <u>ജീവനക്കാരുടെ തസ്തിക വിവരം</u>

| ക്രമ നം | തസ്തിക | അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം | നിലവിലുള്ളത് | ഒഴിവ് |
|---|---|---|---|---|
| 1 | സിവിൽ സർജൻ | 1 | 1 | 0 |
| 2 | അസിസ്റ്റന്റ് സർജൻ | 2 | 2 | 0 |
| 3 | ഹെഡ് ക്ലർക്ക് | 1 | 1 | 0 |
| 4 | ക്ലാർക്ക്/ സീനിയർ ക്ലാർക്ക് | 3 | 3 | 0 |
| 5 | ഓഫീസ് അറ്റൻഡന്റ് | 1 | 1 | 0 |
| 6 | ഡ്രൈവർ | 1 | 1 | 0 |
| 7 | ഹെൽത്ത് സൂപ്പർ വൈസർ | 1 | 1 | 0 |
| 8 | പബ്ലിക്ക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ | 1 | 1 | 0 |
| 9 | ഹെൽത്ത് ഇൻസ്പെക്ടർ | 2 | 2 | 0 |
| 10 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 ആന്റ് 2 | 4 | 4 | 0 |
| 11 | പബ്ലിക്ക് ഹെൽത്ത് നഴ്സ് | 2 | 1 | 1 |
| 12 | ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് | 10 | 5 | 5 |
| 13 | സ്റ്റാഫ് നഴ്സ് ഗ്രേഡ് 1 ആന്റ് 2 | 4 | 4 | 0 |
| 14 | ഫാർമസിസ്റ്റ് | 1 | 1 | 0 |
| 15 | ഒപ്റ്റോമെട്രിസ്റ്റ് | 1 | 1 | 0 |
| 16 | നേഴ്സിംഗ് അസിസ്റ്റന്റ് | 2 | 1 | 1 |
| 17 | ഹോസ്പിറ്റൽ അറ്റൻഡന്റ് | 2 | 2 | 0 |
| 18 | ലാബ്ടെക്നീഷ്യൻ | 1 | 1 | 0 |
| 19 | പാർട്ട്ടൈം സ്വീപ്പർ | 1 | 0 | 1 |
|  | **ആകെ** | **41** | **33** | **8** |

**സെക്ഷൻ ഓഫീസർ**